The young man and the shopkeeper under stood their mistakes. Both of them felt qulity for wasting their time, fighting, instead of taking the injured one to the hospital.The girl's tears were shining in the light of the moon.They were the tears of suffering and despair........



AMBROSE PHILIP
8F



## *VALUE OF TIME IS PRECIOUS....*

Once in a sunny morning a young boy named Ethan went to Samuel an old guy who was wise in his village for know how precious time is. Samuel smile warmly and invite him with a walk through the village. In their many children are flying kites. Look at those kids Samuel said  Ethan you can't touch them but you got to fly them for a while notice how some kids kites soar high and gracefully. Ethan observed the kite of one kid soared gracefully. Samuel continued. Just like this kids people handle their time .Time like kite can either be well used or wasted. They continued walking until they reach a women. On her porch she was carefully weaving a stunning  hapestry . Samuel pointed to her and said 'See her she is weaving every thread with care. While creating a work of art, she understands the value of time. The time, every moment she spend here is like an investment in her craft,

Ethan noded  thoughtfully. As they walked on the centre of the village, they spotted a man Idly sitting against a fence lost in thought and there's an example, Samuel said, He is daydreaming away without realizing that time spent is gone forever. Ethan thought about everything he had seen and heard. So Samuel what is the lesson in all of these. The wise old man smile kindly at Ethan and shared the lesson. My dear boy time is most precious gift use your time wisely, investing in things that truly makes and save every movement once it gone like a kite set free you can't bring it back.



# എന്റെ യാത്രാനുഭവങ്ങൾ

എന്റെ പേര് ദേവാനന്ദ്.

ഞാൻ യാത്ര തുടങ്ങുന്നത് കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാലിൽ നിന്നാണ്. കുടുംബത്തിന്റെ കൂടെയാണ് യാത്ര ചെയ്യുന്നത്.എവിടേക്കാണ് യാത്ര ചെയ്യുന്നതെന്നറിയണ്ടേ?

കർണാടകയിലെ ഗോവക്കടുത്തുള്ള അംഗോല എന്ന പാരമ്പര്യ പച്ചമരുന്ന് ചികിത്സാ കേന്ദ്രത്തിലേക്കാണ് യാത്ര തുടങ്ങിയത്. ടാക്സിയിലാണ്. മൂകാംബിക ക്ഷേത്രത്തിൽ പോയി തൊഴുതിട്ടാണ് അങ്ങോട്ടേക്ക് തിരിച്ചത്. അവിടെ വീതി കുറഞ്ഞ റോഡിനിരുവശത്തും വീടുകളും വീടുകളോട് ചേർന്നുതന്നെ ആടുകളെയും പശുക്കളെയും കെട്ടിയിരിക്കുന്നത് കണ്ടും അവിടെ ഗാന്ധിജി 1920ൽ അസുഖത്തിന് മരുന്ന് വാങ്ങിച്ച ബോർഡൊക്കെ കണ്ടും പച്ച മരുന്ന് ചികിത്സാ കേന്ദ്രത്തിൽ നിറയെ ഔഷധസസ്യങ്ങളും പല നിറത്തിലുള്ള പൂക്കളും കണ്ടു.

യാത്ര തിരിച്ചപ്പോൾ അവിടെ കുടി വെള്ളത്തിനും ഭക്ഷണത്തിനും വളരെ ബുദ്ധിമുട്ടുന്ന ആൾക്കാരെ കണ്ടു ചെറിയ കടയിൽ നിന്നും ബ്രെഡ്പോലുള്ള അപ്പമാണ് ഞങ്ങൾ കഴിച്ചത്. കുറെ യാത്ര പിന്നിട്ടപ്പോൾ റോഡിൽ നിന്ന് നോക്കിയപ്പോൾ ഒരു ഭാഗത്ത് കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടും ഈ യാത്ര നല്ലൊരനുഭവമാണ് എനിക്ക് സമ്മാനിച്ചത്.



ദേവാനന്ദ്
IX A



# MAKE IT GREEN

Lives are crying because it's
not clean. Earth is dying because
it's not green. Earth is our
mother, don't pollute it. She gives
us food and shelter, just siluteit
with global  it in dangers let's
save it by becoming strong ranger
wirh dying
trees&animals  it's in sarrow make
green to day & green tomorrow with
melting snow, one day it will sink
How can we save it

Just think
Trees are pecious, preserve them
water is a trea save, reserve it
grow more trees make mother earth
green
Reduce pollution & make her queen



Ranjana Ratheesh
VIII C



# കാഴ്ച്ച

കണ്ണേ തുറന്നുള്ളൂ കാണുവാൻ – പോര
ഉൾകണ്ണും തുറക്കണം – കാഴ്ച്ചകൾ
കണ്ണിന്നഭേദ്യമാം കൂരിരുൾമൂടിയെൻ
മുന്നിൽ നിറഞ്ഞു നില്ക്കുന്നിതാ

ചെമ്മേ വിടർന്നു നിൽക്കുംമ്പൊഴെക്കാൾ – പൂവി
നിതൾ ഒന്നായ് കൊഴിഞ്ഞുവീഴുമ്പൊഴല്ലെ – ഭംഗി!
ഒന്നൊന്നായ് കൊഴിഞ്ഞുവീഴുമ്പൊഴല്ലെ – ഭംഗി!
ഒന്നൊന്നായ് പകർന്ന്നൽകുമ്പൊഴല്ലെ –ഭംഗി!

മാനത്തുദിച്ചു നിൽക്കുമ്പൊഴെക്കാൾ – സൂര്യ
നാഴിയിലാസ്തമിക്കുംമ്പൊഴല്ലേ – ഭംഗി
ആഴിയിലസ്തമിക്കുമ്പൊഴല്ലെ – ഭംഗി

” നാളെ ” പിറക്കട്ടെ എന്ന ശുഭാശംസ
വാനിൽ നിറഞ്ഞു കാണുന്നതല്ലേഭംഗി.



അനുനന്ദ്.എ
VIII B



# നേരിന്റെ പാതയിൽ



ആവണി പി
IX C

സൂര്യന്റ കിരണങ്ങൾ എന്റെ മുഖത്ത് വന്ന് തട്ടിയപ്പോഴാണ് നേരം പുലർന്നെന്ന് ഞാനറിഞ്ഞത് ശേഷം എഴുന്നേറ്റ് ഉമ്മറത്തേക്ക് പോയപ്പോൾ എന്നെ നോക്കി പുഞ്ചിരിക്കുന്ന പത്രത്തെയും ചായയേയും ഞാൻ എടുത്ത്ആ ചൂടുള്ള ചായയും ഊതികുടിച്ച് കൊണ്ട് പത്രം വായിക്കുന്നതിനിടെ ഒരു ശബ്ദം കുഞ്ഞേ.... ഞാൻ തലയുയർത്തി നോക്കി കുറച്ച് അകലെ നിന്നും ഉള്ള കൂലിപണിക്കാരനായ നാണുവായിരുന്നു വന്നത് വല്ലാത്ത അവശനായിരുന്നു ന്നയാൾ മെലിഞ്ഞുണങ്ങിയ ശരീരവും ദുഃഖം നിറഞ്ഞുതുളുമ്പുന്ന കണ്ണുകളും കണ്ടേപ്പോൾ തന്നെ അയാളുടെ നിസ്സഹായത എനിക്ക് മനസ്സിലാക്കാൻ സാധിച്ചു എന്നാ നാണയവേട്ടാ... പതിവില്ലാതെ രാവിലെ തന്നെ ഞാൻ ചോദിച്ചു കുഞ്ഞ് എന്നെയൊന്ന് സഹായിക്കണം. എന്ത് സഹായം പറയൂ. അതു പിന്നെ എനിക്ക് അത്യാവശ്യമായി ഒരു 1000 രൂപ കടമായി വേണം. മകൾക്ക് തിരെ സുഖമില്ല കടുത്ത പനിയാണ്. അവളെ ഒന്നു ആശുപത്രിയിൽ കാണിച്ച് മരുന്നു വാങ്ങണം. ചേട്ടൻ ഇവിടെ നിൽക്ക് ഞാനിപ്പോൾ പണം തരാം ഞാൻ പേഴ്സിൽ നിന്നും പണമെടുക്കാൻ അകത്തേക് പോയപ്പോൾ ഇതെല്ലാം കണ്ടും കേട്ടും നിന്ന ഭാര്യ എന്നെ തടഞ്ഞു. ഇതുപോലെ ഒരുപാട് പേർ ഈ മുറ്റത്ത് വന്ന് മുതല കണ്ണീർ ഒഴുക്കി കള്ളവും പറഞ്ഞ് പണം വാങ്ങിച്ച് കൊണ്ട് പോകാറില്ലേ നിങ്ങളെ വഞ്ചിതനാക്കാറില്ലേ എന്നിട്ടും ചതികുഴിയിൽ വീണ് നിങ്ങൾ മതിയായി ല്ലേ അതും പറഞ്ഞ് കോപത്തോടെ അവൾ മുഖം തിരിച്ച് നടന്നു. അവൾ അത് പറഞ്ഞപ്പോൾ ശരിയാണെല്ലോ എന്ന് ഞാൻ ചിന്തിച്ചു എന്നാലും ഞാൻ പറഞ്ഞു പോയില്ല അതുകൊണ്ട് പണവുമായി ഞാൻ ഉമ്മറത്തെത്തി. നാണു സന്തോഷത്തോടെ എന്നെ കാത്തിരിക്കുകയായിരുന്നു അടുത്ത ആഴ്ച തന്നെ ഞാൻ ഈ പണം എത്തിക്കാം കുഞ്ഞേ! നാണു അതും പറഞ്ഞ് പുറത്തിറങ്ങി.ആ പണം അയാളെകൊണ്ട് ഒരിക്കലും തിരിച്ചു തരാൻ കഴിയില്ല എന്നറിയാം അതു കൊണ്ട് ഒരു പുണ്യപ്രവർത്തിയായി മാത്രമേ ഞാനത് കണ്ടുള്ളു. അങ്ങനെ ഏകദേശം ഒരാഴ്ച പിന്നിട്ടു.ആ പണത്തിൽ എനിക്ക് യാതൊരു പ്രതീക്ഷയും ഇല്ലായിരുന്നു. കുഞ്ഞേ നിന്ന് ആരോ വിളിക്കുന്നത് കേട്ട് ഞാൻ ഉമ്മറത്തേക്ക് വന്നു അത് നാണുവയിരുന്നു മോൻ തന്ന പണം തരാനായി വന്നതാ മോൻ അന്ന് സഹായി ച്ചതിൽ അയാൾ ആ പണം എന്റെകൈ കൈയിൽ വച്ച് തന്നു. എന്റെ കണ്ണുകളിൽ നനവ് പടർന്നു. ഇത്ര കടുത്ത ദാരിദ്ര്യത്തിലും ആ പണം തരാൻ ഉള്ള അദ്ദേഹത്തിന്റ മനസ്സിനെ ഞാൻ അറിയാതെ പോയല്ലോ. അതുകൊണ്ട് ആ പണം അദേഹത്തിന്റെ കൈയിൽ നിന്നും വാങ്ങാൻ എനിക്ക് തോന്നിയില്ല അത് ചേട്ടന്റെ സത്യസ്ഥതയ്ക്ക് ഞാൻ തരുന്ന ഒരു സമ്മാനമായി കണ്ടാൽ മതി എന്ന് പറഞ്ഞു അങ്ങനെ മനസ്സിലാ മനസ്സോടെ അദ്ദേഹം ആ പണം തിരികെ കൊണ്ടുപോയി. കുറച്ചു ദിവസങ്ങൾക്ക് ശേഷമാണ് അയാളെപ്പറ്റി എനിക്ക് കൂടുതൽ വിവരങ്ങൾ അറിയാൻ സാധിച്ചത്. അയാൽ വളരെ അധികം സത്യസന്ധനും കൂടാതെ ഒരു അഭിമാനിയുമാണ് വളരെ അധികം കഷ്ടപാടുകളിലൂടെയും ദുരിതങ്ങളിലൂടെ യുമാാണ് അദ്ദേഹത്തിന്റെ ജീവിത പാതയെങ്കിലും അദ്ദേഹം ഒരിക്കലും കള്ളത്തരത്തിലൂടെ അധ്യാനിക്കാറില്ല സ്വന്തം ചോര നീരാക്കി അധ്യാനിച്ചാണ് അവൻ പണമുണ്ടാകുന്നത്. ഇത്രയും അധികം കള്ളവും ചതിയും നിറഞ്ഞു നിൽക്കുന്നേ ലേ ലോകത്ത് ഇത്തരത്തിൽ നേരിന്റെ പാതയിലൂടെ ജീവിക്കുന്ന നല്ല വ്യക്തികളും ഉണ്ടല്ലോ എന്നോർക്കുമ്പോൾ അഭിമാനം തോന്നുന്നു.

# ഒരു കൊലയാളി

വാക്കുകൾക്ക് പഞ്ഞമാണിവിടെ
വിരത്തുമ്പുകളിൽ
ഊറുന്ന ചോരത്തുള്ളികൾ
മനസ്സ് മുറിവേൽപ്പിക്കുകയാണിവിടെ
കാലത്തിനാകാത്ത വിധികൾ
കല്പിക്കുകയാണിവിടെ
തുറക്കുക കവാടം, കാത്തിരിപ്പൂ
മനഃസാക്ഷിക്കുത്തേറ്റു മരിച്ച
ഒരു കൊലയാളി
നിറമറ്റ സ്വപ്നങ്ങളുമായി
ഒരു കൊലയാളി



സഞ്ജയ് പി സണ്ണി
IX E

# ഇരുട്ട്

മോഹങ്ങൾ മോഹഭംഗങ്ങളാകുന്ന കാലം (2)
സ്നേഹമുണ്ടെങ്കിലും അകലുവാൻ മൊഴിയുന്ന കാലം (2)
ദിനങ്ങളായി പറഞ്ഞു ശീലിച്ച, പോരിനോരവർത്തനം
വേണ്ടാ വോണ്ട എന്ന മനസ്സിൻ്റെ മന്ത്രം
ആളില്ലനക്കമില്ലാർക്കും...അടുത്ത്
വിടുവാ പറയുവാൻ (2)
അടഞ്ഞ ദേവാലയങ്ങൾ,നുപുരധ്വനി ഉയരാത്ത
കളിയരങ്ങുകൾ... തലകൊണ്ടു പട്ടിണി മാറ്റാൻ
കച്ചകെട്ടിയപ്പോൾ... പട്ടിണിയാൽ ജീവിത
പേക്കോലമാടുന്ന ജീവച്ഛവങ്ങൾ...



ശ്രീനന്ദ കെ
VIII C

# എല്ലാം സോഷ്യൽ ആകുമ്പോൾ

നമ്മൾ മിക്കവരുടെയും ജീവിതത്തിൽ വായുവിനും വെള്ളത്തിനുമൊപ്പം തന്നെ പ്രാധാന്യമുള്ള ഒന്നായി മാറിയിരിക്കുന്നു സമൂഹമാധ്യമങ്ങളുടെ സാന്നിധ്യവും ഉപയോഗവും. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ നമ്മുടെ ജീവിത സാഹചര്യം, ജോലിസ്ഥലം, ശീലങ്ങൾ, നമ്മുടെ രൂപം പോലും മാറി. പക്ഷേ മാറാത്തതായി കാണുന്നത് സമൂഹമാധ്യമങ്ങളുടെ ഉപയോഗമാണ്. വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, ടിറ്റെർ (ഇപ്പോൾ X), യൂട്യൂബ് എന്നിവ ഭൂരിഭാഗം പേരും ഉപയോഗിക്കുന്നുണ്ട് എല്ലാ ദിവസവും. പ്രായ വ്യത്യാസങ്ങളിൽ ഇവയുടെ ഉപയോഗത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാം എന്ന് മാത്രം.

ഇന്ന് ഏറ്റവും കൂടുതൽ കേൾക്കുന്ന ചോദ്യങ്ങളാണ് "കുട്ടികളിലെ സമൂഹമാധ്യമം ഉപയോഗങ്ങൾ നിയന്ത്രിക്കേണ്ടതുണ്ടോ"? "മുതിർന്നവരുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നതിൽ സോഷ്യൽ മീഡിയയ്ക്ക് എന്തെങ്കിലും പങ്കുണ്ടോ"? എന്നിവ. പൊതുവായും വിദ്യാഭ്യാസപരവുമായി സ്വയം പുതുക്കാൻ അല്ലെങ്കിൽ അപ്ഡേറ്റ് ആയിരിക്കാൻ ഏറെ സഹായിക്കുന്നു എന്നതാണ് സമൂഹമാധ്യമങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഉപയോഗം. ലോകം മുഴുവൻ ബന്ധപ്പെടുത്തുന്നത് കൊണ്ടുതന്നെ വിവിധ വിഷയങ്ങളിൽ പ്രാഗൽഭ്യം ഉള്ളവരെ കേൾക്കുവാനും വായിക്കുവാനും സഹായിക്കുന്നതോടൊപ്പം, വളരെ കുറഞ്ഞ ചിലവിൽ പഠിക്കുവാനും സാധിക്കുന്നു.



എന്നോ നഷ്ടപ്പെട്ടുപോയ കൂട്ടുകാരെ കണ്ടെത്താൻ സഹായിച്ചത് മുതൽ നല്ല രീതിയിൽ സമൂഹത്തിൽ ഇടപെടാൻ നടത്തുന്ന എത്രയോ കൂട്ടായ്മകൾ എളുപ്പം രൂപപ്പെട്ടതും ഈ സമൂഹമാധ്യമങ്ങളുടെ നേട്ടം തന്നെയാണ്. നമ്മുടെ ആശയങ്ങൾ എളുപ്പം പബ്ലിഷ് ചെയ്യാനുള്ള ഒരു വഴി കൂടി ഇവിടെ തുറക്കുന്നുണ്ട്. നമ്മുടെ രചനകൾ പ്രസാധകരില്ലാതെ വായനക്കാരിലേക്ക് എത്തിക്കുവാൻ ബ്ലോഗുകളിലൂടെ സഹായകമാകുമ്പോൾ യാത്ര വ്ലോഗുകൾ, ഫുഡ് വ്ലോഗുകൾ തുടങ്ങി സൃഷ്ടികളെ എളുപ്പം കാഴ്ച ക്കാരിലേക്ക് എത്തിക്കുവാനും ഇത് ഉപകരിക്കുന്നു.

പുതിയ തൊഴിലവസരങ്ങൾ അറിയുക, ഗവേഷണം, പ്രാദേശിക ബിസിനസുകളെ അല്ലെങ്കിൽ ഉൽപ്പന്നങ്ങളെ ലോകം മുഴുവൻ പരിചയപ്പെടുത്തൽ തുടങ്ങി നിരവധി ഗുണങ്ങൾ സോഷ്യൽ മീഡിയയിലൂടെ നമുക്ക് ലഭിക്കുമ്പോൾ ഇതിന്റെ മറ്റൊരു വശം കൂടി നമ്മൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഇന്റർനെറ്റ് ലഭ്യത സർവ്വസാധാരണവും ചിലവ് കുറഞ്ഞതും ആയതോടുകൂടി ഏത് സമയത്തും സോഷ്യൽ മീഡിയ ഒരുപോലെ ഉപയോഗിക്കാം എന്നത് നല്ല വശമായി കണ്ടതുപോലെ അത് സോഷ്യൽ മീഡിയ ആസക്തിയിലേക്ക് നയിക്കുന്നു എന്നത് പ്രധാനപ്പെട്ട ഒരു ദോഷവശം കൂടിയാണ്. ഉപയോഗസമയം സ്വയം നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ മാനസിക- ശാരീരിക ആരോഗ്യങ്ങളെയും പൊതുസമൂഹത്തിലെ ഇടപെടലുകളെയും ബാധിച്ചേക്കാം.



അലസത, ക്ഷീണം, രക്തസമ്മർദം , വിഷാദരോഗങ്ങൾ തുടങ്ങി പല പ്രശ്നങ്ങളും ഇന്ന് സാധാരണമാണ്.

നമുക്ക് ഓരോരുത്തർക്കും വേണ്ടത് തിരിച്ചറിവാണ്. 'റീൽ ലൈഫും റിയൽ ലൈഫും' തമ്മിലുള്ള വ്യത്യാസം സ്വയം ബോധ്യപ്പെടണം. കുട്ടികളെ അമിതമായ സമൂഹമാധ്യമ ഉപയോഗം തടയാൻ 'പാരന്റൽ കൺട്രോൾ' സോഫ്റ്റ്‌വെയറുകൾക്ക് കഴിയും. നമ്മൾ ഏറ്റവും കൂടുതൽ തിരയുന്ന അല്ലെങ്കിൽ കാണുന്ന ഉള്ളടക്കങ്ങളെ ശേഖരിച്ച് അതിനു സമാനമായ നിർദ്ദേശിക്കുന്ന തരത്തിലാണ് ഇന്ന് മിക്ക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെയും Algorithm ("'ആൽഗരിതം') എഴുതപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് നമ്മളെ ക്ഷണിച്ചു കൊണ്ടുപോയി വലിയ സമയം ഇവ കവർന്നെടുക്കുന്നു.

തൊട്ടടുത്തുള്ള വീട്ടുകാരോട് പോലും Whatsapp ഗ്രൂപ്പിൽ വർത്തമാനം പറയുകയും നേരിൽ കണ്ടാൽ മിണ്ടാൻ മടിയുമുള്ള ഒരു കാലമാണ് കടന്നുപോകുന്നത്. മനുഷ്യർ സ്വയം ഉൾവലിഞ്ഞു പോകുന്ന ഒരു കാലം. ആഗോള വെബ് ഇൻഡക്സ് പ്രകാരം മുൻ വർഷത്തെ കണക്കിൽ സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന ഇന്ത്യക്കാരുടെ ശരാശരി സമയം 2 മണിക്കൂർ 50 മിനിട്ടാണ്. ഇത് ആഗോള ശരാശരിയെക്കാൾ കൂടുതലാണ്.

സോഷ്യൽ മീഡിയ ഇല്ലാതിരുന്ന കാലത്തെപ്പറ്റി ചിന്തിക്കാതെ സാങ്കേതികവിദ്യയിൽ വന്ന മാറ്റങ്ങളെ ഗുണപരമായി എങ്ങനെ ഉപയോഗിക്കാം എന്നതാണ് ഈ തലമുറ ശ്രദ്ധിക്കേണ്ടത്.

മറ്റ് ലഹരി പോലെ തന്നെയാണ് സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗവും. കുറച്ചു സമയത്തേക്ക് ഇന്റർനെറ്റ് പോവുകയോ സിഗ്നൽ ലഭിക്കാതെ ആവുകയോ ചെയ്യുമ്പോൾ അസ്വസ്ഥരാകുന്നുണ്ടോ നിങ്ങൾ? എങ്കിൽ ശ്രദ്ധിക്കേണ്ട സമയമായിരിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട സമയം വീട്ടുകാരോടും, കൂട്ടുകാരോടും, കരുതലോടെ സോഷ്യൽ മീഡിയയോടൊപ്പവും ചിലവഴിക്കുക.

ജീവിതമാകട്ടെ ലഹരി..



കാർത്തിക പ്രദീപ്കുമാർ
IX E




# അതിജീവനം(കഥ)

'അമ്മേ ഞാനിറങ്ങുന്നു."

അമ്മ പിറകേ വന്നു."ഒരു ചന്ദനത്തിരി വാങ്ങനെത്രയായി പറയുന്നു.വന്നുവന്നു ഒരു ഉത്തരവാദിത്വവും ഇല്ലാതായിരിക്കുന്നു."

വൈകിട്ട് വാങ്ങി വരാം അമ്മേ.."

അമ്മയെ അശ്വസിപ്പിച്ച് മലപോലെയുള്ള കുന്നും കയറി ബസ്സ്റ്റോപ്പിലെത്തിയതും കിതപ്പ് കീഴടക്കി കഴിഞ്ഞിരുന്നു.'

മൂക്കിൻതുമ്പത്ത് വിയർപ്പുമണി വജ്ര മൂക്കുത്തി കുത്തിയിരുന്നു.

"ഇപ്പോഴും പഴയ സ്ഥലത് തന്നെയാണോ?"

ചോദ്യകർത്താവിനെ അറിയാം.....

മൂളി.

ഓ എന്നാ ശമ്പളം വാങ്ങാനാ പോകുന്നേ....?'

കെട്ടും മട്ടും കണ്ടാൽ സർക്കാർ സ്കൂളാണെന്നാ ഭാവം"

ഒന്നും മിണ്ടിയില്ല . ആലോചനയിലുള്ള ഉത്തരം കിട്ടാത്ത ചോദ്യം.

അയ്യോ! ബസ് മുൻപിൽ തിരക്കിനിടയിലേക്ക് വിദ്യാർത്ഥികളോടുള്ള കണ്ടക്ടറുടെ സ്നേഹ പ്രകടനം.

ദൈവമേ.... അയാൾക്ക് അൺ എയ്ഡഡ് അസുഖം ബാധിച്ചില്ലല്ലോ.

എല്ലാം കഴിഞ്ഞ് സ്കൂളിലെത്തിയതും പ്രാർത്ഥനാഗാനം. മനസ്സ് കുളിർത്തു. ഓർമ്മകൾ പുതുക്കാൻ സ്കൂളല്ലാതെ....ഇത്രയും ആദരവ് നേടിതരുന്ന ജോലി.... ഇതല്ലാതെ മറ്റെന്ത്?

സീറ്റിലിരുന്നതും വിളി വന്നു.

"ടീച്ചർ.... ഒരു രക്ഷിതാവ് കാത്തിരിക്കുന്നു."

"നമസ്കാരം ടീച്ചർ" തലചെരിച്ച് നോക്കി. കാരണം അപൂർവമായിക്കൊണ്ടിരിക്കുന്ന ഉപചാരവാക്ക്. പണ്ടത്തെ തലമുറ ഇന്നും അതൊക്കെ ഓർക്കുന്നുണ്ടല്ലോ.

മകനേക്കുറിച്ചുള്ള വേവലാതിയൊക്കെ പറഞ്ഞു തീർത്തപ്പോഴേക്കും ഏതാണ്ട് അടക്ക,റബ്ബർ മുതലായവയുടെ കമ്പോള നിലവാരം മനസ്സിലുറപ്പിച്ചു. പിന്നെ ആ രക്ഷിതാവ് മുൻപിലിരുന്ന ഒരു ഗ്ലാസ്സ് വെള്ളം തീർക്കുന്നത് കണ്ടപ്പോൾ സ്വയം ചോദിച്ചുപോയി . ആ മകൻ ഈ പരവേശം അറിയാതെ പോകുന്നില്ലേ.. അവൻ ഇദ്ദേഹത്തിനു വേണ്ടി കണ്ടു വെച്ചിരിക്കുന്ന ആ "സ്വർഗ്ഗം" എന്താണാവോ?

ഇറങ്ങാൻ നേരം രക്ഷിതാവ് സ്നേഹത്തോടെ അന്വേഷിച്ചു. ടീച്ചർക്കിവിടെ നിന്ന് എന്തുകിട്ടും ?

"ഇതൊരു അൺ എയ്ഡഡ് സ്കൂളല്ലേ? തൊണ്ട വരണ്ടുവോ ആവോ....

ആലോചന കഴിഞ്ഞപ്പോഴേക്കും ആ രക്ഷിതാവ് നടന്നു നീങ്ങിയിരുന്നു.

മെല്ലെ ക്ലാസ്സിലേക്ക് പ്രവേശിക്കുമ്പോഴേക്ക് ആ ഗാനം ചെവിയിലടിച്ചു: "എന്തതിശയമേ ദൈവത്തിൻ സ്നേഹം..

എത്ര മനോഹരമേ...."


നിശ്ശബ്ദം

“ഗുഡ് മോണിഗ് ടീച്ചർ......വെൽകം ടു ഔർ ക്ലാസ്”

ക്ലാസ് തുടങ്ങി.... ഇംഗ്ലീഷിൽ തന്നെ. അത് പ്രധാനാധ്യാപികയുടെ ഓർഡർ ആണ്.

എന്ത് ചെയ്യാം..... ഉള്ള കുട്ടികൾ സർക്കാർ സ്കൂളിൽ നിന്നും വന്നവർ.

അവരാണ് ടീച്ചർ വർഗ്ഗത്തെ അംഗീകരിക്കേണ്ടവർ. പക്ഷേ, ഇടയ്ക്ക് അവർക്കിടയിലും അൺ എയ്ഡഡ് അസുഖം വരുന്നില്ലേ?.........



ക്ലാസ്സിൽ അച്ചടക്കം നിലനിർത്തേണ്ട അവസ്ഥ വന്നപ്പോൾ അതിലൊരു മുതലാളിത്തം പ്രതികരിച്ചതിങ്ങനെ:

“ഞങ്ങൾ മാസം കൃത്യമായി ഓഫീസ്സിൽ കൊടുക്കുന്നുണ്ട്... ടീച്ചർ വിഷമിക്കേണ്ട.......”

അവന് സ്നേഹമുണ്ട്. എന്നാലും ആ അസുഖം.

സ്റ്റാഫ് റൂമിലെത്തി ചൂട് ചായ ഒരു കവിൾ നുകർന്നതും സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ചർച്ചാവിഷയം ക്ലസ്റർ മീറ്റിംഗ്.

“ഓ..... എനിക്ക് താല്പര്യമില്ല”,

ഷൈനി ടീച്ചർ ആണ്.

“അവിടെ ചെന്നാൽ നമ്മളെയൊക്കെ കാണുമ്പോൾ സർക്കാർ ടീച്ചേർസിന്റെ ഒരു ഭാവം..... നമ്മളൊക്കെ വെറും അൺ എയ്ഡഡ് അല്ലേ..........”

വെറുതെ അപ്പോഴും മനസ്സിൽ പറഞ്ഞു: “സമാധാനിക്കു ടീച്ചർ, അവരും ആ അസുഖത്തിനു അടിമകളാണ്”

ഷൈനി ടീച്ചർ സ്കൂളിലെ സീനിയർ. Msc, Med, SET, NET എല്ലാമുണ്ട്. പക്ഷേ ഒരു സ്ത്രീയുടെ സ്വകാര്യത കുടുംബം. അത് ടീച്ചറിനേയും നാലു ചുവരുകൾക്കുള്ളിൽ തളച്ചിട്ടു. പക്ഷേ, ഒരുവളേ എല്ലാം കൈവിട്ടപ്പോൾ പിന്നെയും അക്ഷരലോകത്തേക്ക് കുട്ടികളുടെ സ്വന്തം ടീച്ചറായിട്ട്. ഇവിടെ.......

ലോങ്ങ്ബെൽ അടിച്ചതും കുട്ടികൾ തലങ്ങും വിലങ്ങും ഓടി.

പി ടി സാറിന്റെ നിർദ്ദേശങ്ങൾ.......

എല്ലാവരും ഒന്നിച്ചു ഭക്ഷണം കഴിക്കുമ്പോൾ എല്ലാ ചർച്ചയും വരും. ഇവിടെ നമ്മൾ എല്ലാവരും ഒന്നാണ്.

“ടീച്ചർ.........”

തിരിഞ്ഞു നോക്കി. രവിസാർ ആണ്.

“ഈ വർഷത്തെ സബ് ജില്ലാ കലോത്സവത്തിന്റെ സ്മരണികയില്ലേക്ക് എന്തെങ്കിലും.....”

“നോക്കട്ടെ..... അണ്ണാൻ കുഞ്ഞും തന്നാൽ ആയത്.....”

“തൻറെ പ്രസിദ്ധീകരണം വരാനൊന്നും പോകുന്നില്ല...... അറിയാലോ..... യു ആർ ഫ്രം അൺ എയ്ഡഡ്” ഷൈനി ടീച്ചർ നിരുൽസാഹപ്പെടുത്തി

പിന്നെ അതായിരുന്നു ചിന്ത. വീട്ടിലെത്തി.

ചന്ദനത്തിരിയില്ലാത്ത പ്രാർത്ഥന ദൈവം കേൾക്കുമോ എന്തോ.....

“ഈ വർഷത്തെ ലിസ്റ്റിൽ എങ്കിലും അടിയന്റെ പേര് കാണണമേ.....”

അയ്യോ......!. അസുഖം എന്നെയും.......?

നിലാവിൽ ചന്ദ്രനെ നോക്കി. പഴയതൊക്കെ ഓർത്തു. കുട്ടിക്കാലത്തെ സ്കൂളും, കൗമാരത്തിലെ ടീച്ചർ സ്വപ്നവും, പിന്നെയുള്ള അന്യദേശ വാസവും ഒക്കെ. എല്ലാം കഴിഞ്ഞു നാട്ടിലെത്തിയപ്പോൾ ടീച്ചർ സ്വപ്നം യാഥാർത്ഥ്യത്തിലേക്ക്. കുട്ടികളും സ്കൂളും. പക്ഷേ നോവിച്ചു കൊണ്ടിരിക്കുന്ന ആ അസുഖം. ആദ്യ വർഷങ്ങളിൽ ഒന്നും തോന്നാത്ത നൊമ്പരം പിന്നെ പിന്നെ.......

ഇന്നുച്ചക്കത്തെ മീറ്റിംഗിലും കേട്ടു. കലോത്സവം അൺ എയ്ഡഡ് സ്കൂളിലോ?

പിന്നെ മനസ്സ് ചികഞ്ഞു. അസുഖത്തെക്കുറിച്ച് കൂടുതൽ പഠിക്കണമെന്ന് തോന്നി. സ്കൂളിലെ എല്ലാവരും TTC ,BEd, Med, SET, NET ഉള്ളവർ. ഭാഗ്യരാശി ഇല്ലാഞ്ഞിട്ടോ, കയ്യിൽ പുത്തൻ കടലാസ്സ് ഇല്ലാഞ്ഞിട്ടോ അതോ സാഹചര്യമോ അവരെ മറ്റുള്ളവർക്ക് തോന്നുന്ന അസുഖത്തിന് അടിസ്ഥാനമാക്കി. ആവശ്യങ്ങൾ, യോഗ്യത, ശൈലി, ഇവയെല്ലാം സമ്മേളിക്കുമ്പോൾ മാറ്റിനിർത്തേണ്ടവ ഒന്നു മാത്രം. എത്ര കിട്ടിയാലും മതി വരാത്ത കുറെ പച്ചനോട്ടിന്റെ എണ്ണം.

ആലോചനയിലെപ്പോഴോ ഉറങ്ങിപ്പോയി.

പിറ്റേന്നും അമ്മക്ക് ഉറപ്പുകൊടുത്ത് സ്കൂളിലെത്തിയപ്പോൾ നോട്ടീസ് ബോർഡിൽ പതിമൂന്നു കുട്ടികളുടെ ചിരിക്കുന്ന ഫോട്ടോ. എല്ലാം എ+ നേടിയവർ. ഇവർ ഈ സ്കൂളിന്റെ മാനേജ്മെന്റിന്റെ, ടീച്ചേഴ്സിന്റെ, രക്ഷിതാക്കളുടെ, ഒരു നാടിൻറെ അഭിമാനം.

അതെ.... ഇവർ അസുഖത്തെ അതിജീവിച്ചവർ.



ഗായത്രി ദേവി
IX D

## ARTIFICIAL INTELLIGENCE

Artificial intelligence refers to the simulation on approximation of human intelligence in machines. The goals of artificial intelligence include computer enhanced learning, reasoning and perception. AI is being used today across different industries from finance to health care.

An artificial intelligence program is a program that is capable of learning and thinking. It is possible to consider anything to be artificial intelligence if it consists of a program performing a task that we would normally assume a human would perform.

As there are two sides for a coin, artificial intelligence has many benefits and as much drawbacks too. Some critics fear that the extensive use of advanced AI can have a negative effect on society. As a receiver of the services provided by AI, we must know about its benefits and drawbacks.

### DISADVANTAGES OF AI

The ability to create a machine that can simulate human intelligence is no small deal. It requires plenty of time and resource and also need latest hardware and software to stay updated and meet the latest requirements thus making it quite costly.

AI cannot learn to think outside the box. It is capable of learning over time with preferred data and past experience. It lacks the human touch of creativity and it lacks emotion.

On application of artificial intelligence is a robot, which is displacing occupations. Therefore, there is always a chance of unemployment as a result of these robots replacing humans and also since it automate tedious and repetitive tasks, human brain works less and less which makes them lazy.

The ethics,and mortality the important human features cannot be contempt into AI. As AI grows uncontrollably and eventually it wipe out humanity. Even though it has many advantages too.

### ADVANTAGES OF AI


On of the biggest benefit of AI is that it reduce human errors and increase accuracy and perfection .Humans can overcome many risks like defusing a bomb, going to space etc. by letting AI robots to do themselves

Humans are incapable of working for hours without break. But AI robots can work endlessly without breaks. In practically, every field AI is the driving force behind numerous innovations that will aid humans in resolving the majority of challenging issues.

Humans are driven by emotions, whether we like it or not. But AI doesn't have any biased views, which ensures more accurate decision making.

Repetitive tasks are always boring for human beings. We may use AI to efficiently automate these menial chores and eliminate boring tasks

Today, our everyday lives are entirely dependent on mobile devices and the internet. We utilize a verity of apps including Google map, Alexa, Siri etc.. with the use of varied AI--based techniques, we can also anticipate today weather and the days ahead.




Avanthika Ratheesh
IX F




# വായനാശീലം

മനുഷ്യപുരോഗതിയുടെ അടിസ്ഥാനം അറിവാണ്. ആദിമ മനുഷ്യൻ അവന്റെ ഓരോ അനുഭവങ്ങളിൽ നിന്നും പുതിയ അറിവ് നേടിക്കൊണ്ടിരുന്നു. അതവൻ അടുത്ത തലമുറയിലേക്ക് കൈമാറി വന്നു. ക്രമേണ ഭാഷകണ്ടുപിടിച്ചു. ലിപി കണ്ടുപിടിച്ചു. അറിവുകൾ രേഖപ്പെടുത്തി വെയ്ക്കാൻ തുടങ്ങി. അച്ചടി കണ്ടുപിടിച്ചതോടെ പുസ്തകങ്ങൾ വന്നു. വായന പ്രചരിച്ചു. അങ്ങനെ ഓരോ തലമുറ കഴിയുമ്പോഴും മനുഷ്യന്റെ അറിവ് കൂടാനും ജീവിത നിലവാരം ഉയരാനും തുടങ്ങി.

പുസ്തകങ്ങളുടെ എണ്ണം കൂടിയതോടെ അറിവിന്റെ വ്യാപനവും വേഗത്തിലായി. വായനാശീലം അക്ഷരമറിയുന്നവരുടെ സ്വഭാവമായി. പുസ്തകമെന്നാൽ മുൻതലമുറ സമ്പാദിച്ച അറിവുകളുടെ കലവറയാണെന്ന് പിൻതലമുറ തിരിച്ചറിഞ്ഞു. വായനയുടെ പ്രാധാന്യം പണ്ഡിതന്മാരും ചിന്തകരും ഊന്നിപ്പറഞ്ഞു. "വായനയാണ് ഒരു പൂർണ്ണ മനുഷ്യനെ രൂപപ്പെടുത്തുന്നത്." ഫ്രാൻസിസ് ബേക്കൺ പറഞ്ഞിട്ടുണ്ട്. ആരോഗ്യമുള്ള ശരീരത്തിന് വ്യായാമം എന്ന പോലെ ആരോഗ്യമുള്ള മനസ്സിന് വായന കൂടിയേ തീരു.



വായിച്ചാലും വളരും

വായിച്ചില്ലെങ്കിലും വളരും

വായിച്ചാൽ വിളയും


വായിച്ചില്ലെങ്കിൽ വളയും

കുഞ്ഞുണ്ണി മാഷ് ഇങ്ങനെ മുന്നറിയിപ്പു തന്നിട്ടുണ്ട്.

വായന ഒരു ജീവിത സംസ്കാരമാണ്. ഉന്നതമായ മൂല്യങ്ങളിലേയ്ക്ക് മനുഷ്യസംസ്കാരം ഉയരുന്നത് വായനയിലൂടെ ആണ്. ചിന്താശേഷിയുള്ള, പ്രതികരണശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കാൻ വായനയ്ക്ക് കഴിയും. വായന ഏകാഗ്രത വർധിപ്പിക്കും. ഭാവന വളർത്തും. സ്വപ്നം കാണാനുള്ള കഴിവുണ്ടാക്കും. വായന നമുക്ക് ആത്മവിശ്വാസം നൽകുന്നു, പ്രചോദനമേകുന്നു; ജീവിതവിജയത്തിലേക്ക് നയിക്കുന്നു. നല്ല വായന മർത്ത്യരെ അമർത്ത്യർ ആക്കുന്നു.

ഒരു നല്ല വായനക്കാരൻ കഥ, കവിത, ചരിത്രം, യാത്രാവിവരണം, ജീവചരിത്രം, സയൻസ് തുടങ്ങിയ എല്ലാ വിഷയങ്ങളും വായിക്കണം. "കുറേ വിഷയങ്ങളെ കുറിച്ചുള്ള എല്ലാ കാര്യങ്ങളും എല്ലാ വിഷയങ്ങളെ പറ്റിയുമുള്ള കുറേ കാര്യങ്ങളും നാം വായിച്ചിരിക്കണം"– എന്നാണ് ഒരു മഹാൻ പറഞ്ഞിരിക്കുന്നത്. എല്ലാ വിഭാഗത്തിലെയും നല്ല

ബുക്കുകൾ തിരഞ്ഞെടുത്ത് വായിക്കണം. നമ്മുടെ സൗകര്യവും സമയവും നോക്കി നമ്മെ പഠിപ്പിക്കുന്ന ഗുരുനാഥന്മാരും നമ്മെ സല്ലാപത്താൽ രസിപ്പിക്കുന്ന നല്ല സുഹൃത്തുക്കളുമാണ് നല്ല ഗ്രന്ഥങ്ങൾ. ചീത്ത പുസ്തകങ്ങൾ ഒരു അപകടകാരിയായ സുഹൃത്തിനെപോലെയാണ്. നമ്മിലെ അധമ വികാരങ്ങളെ തട്ടിയുണർത്താൻ അതിടയാക്കും. പുസ്തകങ്ങളും സുഹൃത്തുക്കളും തിരഞ്ഞെടുക്കപ്പെട്ടതായിരിക്കണമെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. ഒരു വർഷം പഴക്കമില്ലാത്ത പുസ്തകങ്ങൾ വായിക്കരുതെന്നാണ് റാൽഫ് വാഴ്സോ മേഴ്ഡന്റെ അഭിപ്രായം. ഒരു പുസ്തകമിറങ്ങിയാൽ, ഒരു വർഷം കൊണ്ട് അതിന്റെ നന്മ തിന്മകൾ വിമർശകർ വെളിപ്പെടുത്തി പറയും, മെച്ചപ്പെട്ടതല്ലെങ്കിൽ വായിച്ച് സമയം നഷ്ടപ്പെടുത്തരുതല്ലോ. പ്രസിദ്ധമായ പഴയതും പുതിയതുമായ ബുക്കുകൾ വായിക്കണം. ഇഷ്ടപ്പെട്ട വിഷയത്തിലുള്ളത് വായിക്കാനും ശ്രദ്ധിക്കണം. പത്രവായനയിൽ പത്രാധിപരുടെ കോളം പ്രത്യേകം ശ്രദ്ധിച്ച് വായിക്കണം. ആനുകാലികങ്ങളിലെ സമകാലിക പ്രശ്നങ്ങളെക്കുറിച്ചുള്ള വായനയും ചിന്തയും ഒരാളുടെ സാമൂഹികാവബോധം സജീവമാക്കാൻ ഉതകുന്നതാണ്.



വേഗത്തിൽ വായിക്കാൻ കഴിയുന്നത് ഒരു കഴിവാണ്. പക്ഷേ,മനസ്സിലാക്കി വായിക്കാതെ വേഗം കൂട്ടിയിട്ട് കാര്യവുമില്ല. മിനിറ്റിൽ 300 മുതൽ 400 വരെ വാക്കുകൾ വായിക്കുന്നവനെ ഒരു നല്ല വായനക്കാരനായി ഗണിക്കാം. വായിച്ചു തളരുകയല്ല, വായിച്ചു കൊള്ളുകയാണ് വേണ്ടത്. പുസ്തകം പകരുന്ന സന്ദേശങ്ങൾ, ദർശനങ്ങൾ, കാഴ്ച്ചപ്പാടുകൾ എന്നിവ നമ്മുടെ ജീവിതത്തിലേയ്ക്ക് സ്വാംശീകരിക്കണം.വേണ്ടകാര്യങ്ങൾ അന്വേഷണബുദ്ധിയോടെ മനസ്സിലാക്കാനുള്ള അവസരമാണ് വായന നൽകുന്നത്.

പുതുതലമുറയിൽ വായനാശീലം കുറയുന്നു എന്നൊരു പരാതി കേൾക്കാറുണ്ട്. ടി വി യുടെും മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും അധിക ഉപയോഗം കണക്കിലെടുത്തുകൊണ്ടുള്ള അഭിപ്രായമാണത്. എന്നാൽ സ്ഥിതിവിവര കണക്കുകൾ അതിനെതിരാണ്. ഇന്ത്യയിൽ മാത്രം പ്രതിവർഷം ഏകദേശം 200കോടി രൂപയുടെ പുസ്തകങ്ങളാണ് വിറ്റഴിയുന്നത്. ഏതാണ്ട് 20% ആണ് പ്രസാധകരംഗത്തെ വളർച്ചാനിരക്ക്. പഴയ പുസ്തകങ്ങളുടെ വളർച്ചാനിരക്കും മുന്നോട്ട് തന്നെ. ഇ-ബുക്ക്, ഓഡിയോ ബുക്ക് എന്ന ഇ-വായനാ മേഖലയും വില്പനയുടെ കുതിപ്പിലാണ്. ലൈബ്രറികളെ മുഴുവനായും ഇ-ബുക്കു റീഡറുകളാക്കി കൈക്കുമ്പിളിലൊതുക്കി മാറ്റിയിരിക്കുകയാണ് പുതുതലമുറ. വായിക്കുന്ന പ്രതലം മാത്രമേ മാറിയിട്ടുള്ളൂ. വായന ഇന്നും മാറിയിട്ടില്ല.

ജൂൺ 19 കേരളനാടിന് വായനാശീലത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന ദിനമാണ്. "വായിച്ചു വളരുക. ചിന്തിച്ച് വിവേകം നേടുക." എന്ന സന്ദേശവുമായി കേരളം മുഴുവൻ ഓടിനടന്ന് ഗ്രന്ഥശാലാ സംഘം സ്ഥാപിച്ച പി.എൻ.പണിക്കരുടെ ചരമദിനത്തിൽ ഗ്രന്ഥങ്ങൾക്ക് വിദ്യാഭ്യാസത്തിലുള്ള പ്രാധാന്യം നാം ഓർക്കുന്നു. ഒരു പ്രദേശത്തിന്റെ വിളക്കുമാടം എന്നാണ് ലൈബ്രറികളെ വിശേഷിപ്പിക്കുന്നത്. പഴയ തലമുറ ഇവരെ ഉപയോഗിക്കുന്നു. പുതുതലമുറ ഡിജിറ്റൽ ലോകത്തെയും. ഹൈടെക് വിദ്യാഭ്യാസം, വരാൻ പോകുന്ന വായനയുടെ സ്വഭാവം നിശ്ചയമായും മാറ്റുക തന്നെ ചെയ്യും. ഇന്നു വരെയുള്ള ചരിത്രത്തിൽ, മനുഷ്യൻ നേടിയിട്ടുള്ള സർവ വിധ പുരോഗതിക്കും വായനയും പഠനവും വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. ശരീരത്തിന്റെ വളർച്ചയ്ക്കു വ്യായാമമെന്ന പോലെ മനസ്സിന്റെ പോഷണത്തിന് വായന കൂടിയേ തീരു. ശരിയായ വായന ശരിയായ മനുഷ്യനെ രൂപപ്പെടുത്തുന്നു.ശരിയായ മനുഷ്യരുടെ കൂട്ടം നല്ല സമൂഹം രൂപപ്പെടുത്തുന്നു. വായനയിലൂടെ ലഭിക്കുന്ന അറിവുകളെ സ്വാംശീകരിച്ച് വിവേകത്തോടെ ജീവിക്കുമ്പോൾ മാത്രമേ ജീവിതം സഫലമാകൂ. അതുകൊണ്ട് ചെറുപ്പകാലം മുതലേ വായന ഒരു ശീലമാക്കി മാറ്റണം:

"ചെറുപ്പകാലങ്ങളിലുള്ള ശീലം

മറക്കുമോ മാനുഷനുള്ള കാലം."



നിരഞ്ജന ജി
VIII G

## Nature

Morning Sunshine is rising so soon
Glories of Nature is shining with bloom
Singers Sing with a glimpse of joy
And the climping streams runs like a toy

When the grasses laugh glowing green
Animals come with a fairy scene
When the glory of wind comes with a blow
Nature with wheel is not so slow

When the day of glory has past
Greenery all around is still vast
Natures beauty will forever fast
Only a dew of water may cast





Pooja Murali
VIII D





Sharafiya N M
IX A

## The lion and cow

Once upon a time , there lived four cows in the forest. Everyday they used to Graze together in a particular spot. They were all friends. one day a lion saw the cows graze together, the Lion wanted to eat them. so he went to catch them. when the cows saw the lion all of them fought with him. The lion had to run away. A few passed and the cow quarrelled between themselves and started grazing separately, one by one the lion killed all of them.

# നിധി

ഏറെ തിരക്കുകൾ ഉള്ള ഒരു പട്ടണം ഉണ്ടായിരുന്നു. എല്ലാ ദിവസങ്ങളിലും അവിടെ കടകളും, കാൽനടയാത്രക്കാരും, വാഹനങ്ങളും കാരണം എങ്ങും തിരക്കുമായിരിക്കും. ഒരു അങ്ങനെ ഒരു ദിവസം പട്ടണത്തിലൂടെ പോകുന്ന കാറുകളിൽ ഒന്നിൽ ഗർഭിണിയായ ഒരു സ്ത്രീയും അവരുടെ ഭർത്താവും സഞ്ചരിക്കുകയായിരുന്നു.

ഇതേസമയം തൊട്ട് അപ്പുറത്തെ മുറിയിൽ ക്യാൻസർ ബാധിച്ച് ആറു വയസ്സുകാരി ചികിത്സയിൽ കഴിയുന്നുണ്ടായിരുന്നു അവളുടെ അസുഖം വളരെ ഗുരുതരമായിരുന്നു തന്റെ പൊന്നോമനയെ ചികിത്സിക്കാൻ പോലും പണമില്ലാതെ മാതാപിതാക്കൾ നിസ്സഹായ തയോടെ നിലവിളിക്കുകയാണ്. ആ ആശുപത്രിയെ കീറിമുറിച്ച് ആരോരുമില്ലാത്ത ആ ചോര കുഞ്ഞിന്റെയും ആ മാതാ പിതാക്കളുടെയും നിലവിളിയും ഉയർന്നു.



ഈ രണ്ടു സംഭവങ്ങൾക്കും സാക്ഷിയായ ഒരു നേഴ്സ് വേഗം ചെന്ന് ആ ചോര കുഞ്ഞിനെ വാരിയെടുത്ത് മകൾ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് കൊടുക്കുന്നു കൊടുക്കുന്നതോടൊപ്പം ഇങ്ങനെ പറയുന്നു ഞങ്ങൾക്ക് ഈ കുഞ്ഞിന്റെ അമ്മയെയോ നിങ്ങളുടെ മകളെയോ രക്ഷിക്കാൻ കഴിഞ്ഞില്ല അതുകൊണ്ട് നിങ്ങളുടെ സങ്കടത്തിനും ഈ പ്രതിസന്ധിക്കും ഒരു പരിഹാരമേയുള്ളൂ ഈ കുഞ്ഞിനെ കഴിയുന്നെങ്കിൽ നിങ്ങൾ നോക്കണം ആ ദമ്പതികൾക്ക് കുഞ്ഞിനെ നിറകളോട് നോക്കി. ആ പെൺകുഞ്ഞുമായി അവരുടെ ചെറുകുടിലിലേക്ക് അവർ യാത്രയാകുന്നു. അവരുടെ മകളെ പോലെ തന്നെയാണ് ആ പെൺകുഞ്ഞിനെയും കണ്ടത് പക്ഷേ ആ നിമിഷം ഓർക്കുമ്പോൾ ആ കുഞ്ഞ് അവർക്ക് ഒരു നിധിയാണ് അങ്ങനെ അവളുടെ പേരും * നിധി *എന്ന് അവർ വിളിക്കുകയും ചെയ്തു.

ദിവസങ്ങളും ആഴ്ചകളും മാസങ്ങളും വർഷ ങ്ങളും ആരെയും കാക്കാതെ കടന്നുപോയി. ഇപ്പോൾ ആ പെൺകുഞ്ഞിനെ ആറു വയസ്സായി തന്നെ വളർത്തുന്നത് രണ്ടാനമ്മയും രണ്ടാൻ അച്ഛനുമാണ് എന്ന് പോലും അവൾക്കറിയില്ല അവളെ അവർ പല വീടുകളിലും കഷ്ടപ്പെട്ട് പണിയെടുത്താണ് വളർത്തിയത് അന്നത്തെ കാലത്ത് ഒരു ആഴ്ച നീണ്ടുനിൽക്കുന്ന ഉത്സവങ്ങളിൽ അവളെ കൊണ്ടുപോകാറുണ്ട് രാത്രി കാലങ്ങളിലെ ഗാനമേള അവൾക്ക് വളരെ ഇഷ്ടമാണ് അവിടുന്ന് കേൾക്കുന്ന പാട്ട് അവൾ പാടി നടക്കും അത് ആ മാതാപിതാക്കൾക്ക് ശ്രദ്ധേയമാകുന്നു അവളുടെ പാടാനുള്ള കഴിവ് കണ്ട് അവർ വളരെയേറെ ദുഃഖിക്കുന്നു. കാരണം നിധിയെ പാട്ട് പഠിപ്പിക്കാൻ പോലും എന്തിന് സ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ പോലും കഴിയുന്നില്ല ആരോട് പറയാൻ ഭക്ഷണത്തിനുള്ള വകയുണ്ടാക്കാൻ മാത്രമേ ആ കുടുംബത്തിന് കഴിഞ്ഞുള്ളൂ. ഒരേസമയം അവർക്ക് സന്തോഷവും സങ്കടവും തോന്നി അവളെ ദത്തെടുത്ത സമയത്തെ ഓർത്തു അവർ സ്വയം ശപിച്ചു.

സങ്കടങ്ങൾ അവളെ വിട്ടു ഒഴിഞ്ഞില്ല അവളെ വളർത്തി വലുതാക്കിയ മാതാപിതാക്കൾ ധാരണയുമായി ഒരു അപകടത്തിൽപ്പെട്ടു എന്നെന്നേക്കുമായി അവളെ വിട്ട് ഈ ലോകത്തോട് വിട പറഞ്ഞു ആ നിമിഷം അവളുടെ ജീവിതത്തിന്റെ താളം തെറ്റി

വിശപ്പുകൊണ്ടും സങ്കടങ്ങൾ കൊണ്ടും രാത്രിയെ കഴിച്ചു കൂട്ടേണ്ടിവന്നു. ഭിക്ഷ യാചിക്കാൻ പോലും അവൾ ഇരിപ്പായി അങ്ങനെ ഒരു രാത്രി ഒരു ഗംഭീര ഗാനമേള എവിടെയോ നടക്കുന്നു അവൾ അങ്ങോട്ടേക്ക് ചെന്നു. അപ്പോൾ അവിടെ പാട്ടുപാടി കൊണ്ടിരിക്കുന്ന സദസ്സിൽ ഇരിക്കുന്നവർക്ക് പാടാൻ അവസരങ്ങൾ നീട്ടി ഇത് കേട്ട് നിധിയുടെ മനസ്സിൽ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. താൻ ഏറെ ആശിച്ച ഒരു ദിനമാണ് തന്റെ മുൻപിൽ എന്ന് കണ്ട അവൾ സ്റ്റേജിലേക്ക് ചുവടുകൾ വച്ചു ചിലർ അവളോട് സ്റ്റേജിൽ നിന്നും ഇറങ്ങാൻ ആവശ്യപ്പെട്ടു എന്നാൽ ആ ഗായകൻ മൈക്ക് നിധിയുടെ കയ്യിൽ കൊടുക്കുകയും അവള് പാടുവാൻ ആവശ്യപ്പെടുകയും ചെയ്തു.അവൾ പാടിത്തുടങ്ങി പാട്ട് അവസാനിച്ചപ്പോൾ സദസ്സ് വളരെ നിശബ്ദം ആയിരുന്നു ഒരു

നിമിഷം അവൾ പേടിച്ചുപോയി നിശബ് കീറിമുറിച്ച് ആ സദസ്സിൽ കയ്യടികളുടെയും ആർപ്പുവിളികൾ കൊണ്ടും നിറഞ്ഞു. ആ ഗായകൻ അവളുടെ ശബ്ദം കേട്ട് ഇഷ്ടപ്പെട്ട



അവളുടെ വിവരങ്ങൾ ചോദിച്ചറിഞ്ഞു അവൾ തന്റെ വിവരങ്ങൾ പറഞ്ഞപ്പോൾ അയാൾക്ക് അവളോട് സഹതാപം തോന്നി അവളെ അയാളോടൊപ്പം വീട്ടിലേക്ക് കൂട്ടി..

വീട്ടിലെത്തിയപ്പോൾ അയാൾ വിരലുകൾ ബെല്ലിൽ അമർത്തി ആ ശബ്ദം കേട്ട് വീടിന്റെ വാതിൽ തുറന്ന് രണ്ടുപേർ ഇറങ്ങിവന്നു. അതിൽ ഗായകന്റെ ഏക മകളായ തീർത്ഥയും ഭാര്യയുമാണ്. ആ സ്ത്രീ അവരുടെ മകളെപ്പോലെ തന്നെ അവളെ കുളിപ്പിച്ച് സുന്ദരി ആക്കി ഒരുക്കിനിർത്തി ഭയങ്കര ഇഷ്ടമായിരുന്ന നമ്മുടെ നിധിയെ തീർത്ത അവൾക്ക് കളിപ്പാട്ടങ്ങളും ഉടുപ്പും മാലയും അവളുടെ സാധനങ്ങൾ എല്ലാം പങ്കുവെച്ചു. തീർത്ത നല്ലൊരു നർത്തകയാണ് നിധിയാണെങ്കിൽ പാട്ടുകാരിയെ അയാൾ സ്കൂളിൽ ചേർത്തുനിതിക്കും ഒരു തീർത്ഥം നിധിയ്ക്കും സമപ്രായം ആയതിനാൽ രണ്ടുപേരും ഒരേ ക്ലാസ്സിൽ ഒരേ ബെഞ്ചിൽ ഇരുന്ന പഠിച്ച രണ്ടുപേരും നന്നായി പഠിച്ച അതുപോലെ കലോത്സവങ്ങളിലും അവരുടെ മികവുകൾ തെളിയിച്ച നിധിയായിരുന്ന ക്ലാസ്സിൽ മികച്ച മാർക്ക് നേടിയത് തൊട്ടടുത്തുതന്നെ തീർത്ഥയും ഉണ്ട് പക്ഷേ അതിന്റെ അഹങ്കാരം ഒന്നും അവർക്ക് ഉണ്ടായില്ല എല്ലാ കാര്യങ്ങളിലും അവർ ഒന്നിച്ച നിന്ന തീർത്തയും നിധിയും അവരുടെ നാട്ടിന്റെ പേര് ഉയർത്തി കാട്ടി ജോലിക്ക് വേണ്ടി പഠിക്കാൻ അവർ അകന്ന മാറി എന്നാലും അവരുടെ ആത്മബന്ധം വേർപെട്ട പോയില്ല രണ്ടുപേരുടെയും സ്നേഹവും മികവും കണ്ട നാട്ടുകാർ ആശ്ചര്യപ്പെട്ട

തീർത്ഥയ്ക്ക് പഠിച്ച് താനൊരു ടീച്ചർ ആവനാമെന്നും നിധിക്ക് പഠിച്ച ഒരു ഡോക്ടർ ആകണം എന്നുമായിരുന്ന അവരുടെ ലക്ഷ്യങ്ങൾ തീർത്ഥ ഏറ്റവും പ്രസിദ്ധമായ സ്കൂളിൽ തന്നെ ടീച്ചറായി എന്നാൽ നിധി ഡോക്ടർ ആവുകയും ചെയ്തെങ്കിലും അവൾ കലകൾ മറന്നില്ല അവൾ തന്റെ പണം ഉപയോഗിച്ച് ഒരു നൃത്ത സംഗീത വിദ്യാലയം തുടങ്ങി സംഗീതം നൃത്തതിനു പുറമേ അവിടെ മറ്റു പല കലകളും പഠിപ്പിച്ചു. അവിടെ ജോലിയില്ലാത്ത തന്റെ ചില കൂട്ടുകാരികൾക്ക് ജോലി കൊടുത്തു എന്നാൽ പെട്ടെന്നാണ് അവളുടെ വിവാഹ തീരുമാനം ഒരു ഡോക്ടറുമായി ഉറപ്പിച്ചത് അവളെപ്പോലെ തന്നെ അയാളും ഒരു അനാഥയായിരുന്നു നിധിക്ക് ഒരു സ്വപ്നം കൂടി ഉണ്ടായിരുന്നു അത് എന്തെന്നാൽ അവൾ ഭർത്താവിനോട് ആണ് പറഞ്ഞത്" ക്യാൻസർ രോഗികൾക്ക് ഫ്രീയായി ചികിത്സ നൽകിയാലോ എന്ന് അതും നമ്മുടെ തന്നെ ഹോസ്പിറ്റലിൽ "അയാൾ ഞെട്ടി തന്റെ ഭാര്യ ഇത്രയും നല്ല മനസ്സുള്ളവളാണ് എന്ന് അയാൾ ചിന്തിക്കാതിരുന്നില്ല. അവളുടെ ആഗ്രഹം പോലെ അയാൾ അതും സാധിച്ച കൊടുത്തു പക്ഷേ ആ പ്രായത്തിൽ പോലും ആഗ്രഹം നശിക്കാത്ത പെണ്ണാണ് നമ്മുടെ നിധി അവൾ ആയോധനകലകളിലും പരിശീലനം നേടാൻ തുടങ്ങി ഇവളുടെ കൂടെ തീർത്ഥയും ഉണ്ട്. പാവപ്പെട്ട തന്റെ നാട്ടിലെ ജനങ്ങൾക്ക് വീട് വെച്ച് നൽകി ആ മനസ്സുള്ള ആ നമ്മുടെ നിധി ആ നാടിനെ തന്നെ ഒരു നിധിയാണ് അവളുടെ അടുത്ത് സുഹൃത്ത് ക്രൂരമായി പീഡിപ്പിക്കപ്പെട്ട അത് കണ്ട് അവൾ പതറിയില്ല അവൾ സുഖത്തിന് ചേർത്തുപിടിച്ച് പെൺകുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ പ്രത്യേകമായി നാട്ടിൽ നടത്തി ആവുന്നത്രയും അവൾ ആ നാട്ടിലെ എല്ലാവർക്കും സഹായനിധിയായി ഒരു സ്ത്രീയ്ക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനുള്ള ഉദാഹരണമാണ് നിധി ഒരു കഥാപാത്രമല്ല മറിച്ച് ഇവൾ ഒരു പാഠമാണ് "നമ്മൾ എവിടെയും ജീവിതത്തിൽ തകരാതെ മുന്നോട്ടുപോവുക അത് നമ്മളെ വിജയത്തിലെത്തിക്ക് എത്തിക്കും "

"ജീവിതത്തിലെ പ്രതിസന്ധികളെ മറികടന്ന് നമുക്കും മുന്നേറാം...."



പ്രമുദ പി
IX E

## കണ്ണീർ കഥ

മണി രക്തം പൊഴിക്കും മണിപ്പൂരേ
നിൻ മാറിലൂടിതാ രക്തം പൊഴിയവേ
ഇന്നിതാ അപമാനി തായ് ഏകയാകവേ
ലോകമേ നിൻ ജീവൻ തുളുമ്പുന്ന കണ്ണീർ താളുകൾ

ഇവിടമുള്ളവർക്കായി പൊഴിക്കവേ
അവരുടെ ഹൃദയം അനന്ദ പ്രഹരമേൽക്കു
ദൈവമേ ഇത് എന്ത് വിധി എന്ന്  ഓരോ സ്ത്രീകളും ഓർക്കവേ

ഇന്ന് ഇതാ കൈ ഉയർത്തേണ്ടവർ
മാനം പാലിച്ചിടും നിമിഷം
ലജ്ജിച്ച് തലതാഴ്തവേ എന്തൊരു വിധിയിത് ദുരുതമേ
എന്നു നീ നീങ്ങിടും
നാലുചുവരിനുള്ളിൽ അടങ്ങു കൂടി
എൻ സ്വതന്ത്രം എനിക്കവേ





ദേവഗംഗ
IX F




## വിണ്ണിലെ പറവ

വിണ്ണിലെ പറവ പോലെ
വാനത്തിൽ പറന്നകന്നു
നെഞ്ചിലെ ചൂടുമാത്രം
ബാക്കിയായി
നിന്നിലെ സ്വപ്നമെല്ലാം
ദൂരെയായി

വിണ്ണിലെ പറവ പോലെ
വാനത്തിൽ പറന്നകന്നു
നെഞ്ചിലെ ചൂടുമാത്രം
ബാക്കിയായി
ഇനി നിന്നിലെ സ്വപ്നമെല്ലാം
ദൂരെയായി


അമ്മതൻ തേങ്ങൽ ദൂരെ
കേൾക്കാമോ
അമ്മതൻ തേങ്ങൽ ദൂരെ
കേൾക്കാമോ
എന്നു നീ വന്നു ചേരുമമ്മതൽ
ചൂടേൽക്കാൻ
അമ്മതൻ ചുണ്ടിലെ താരാട്ടു
കേൾക്കുവാൻ



ആര്യൻ കെ
VIII B



DAYONA ANTONY
VIII F



FATHIMATH SHAHALA A G
VIII C



ADITHYA PRAMOD
VIII B



അനിഷ്ക വി
X C

# ആ തീരത്തു നിന്ന്

മാഞ്ഞുപോകാറായ നിലാവിന്റെ അരണ്ട വെളിച്ചത്തിൽ അയാൾ നടന്നു നീങ്ങുകയാണ്. മനസ്സ് ഏതോ സങ്കടതീരങ്ങളിൽ ആഞ്ഞടിക്കുന്നു, കാലുകൾ എങ്ങോട്ടെന്നില്ലാതെ ചലിക്കുന്നു. തെരുവുവിളക്കിനുകീഴിൽ ഒരാൾക്കൂട്ടം. അവരിൽ ഒരാൾ തന്നെ നോക്കി പുഞ്ചിരിച്ചിരുന്നുവോ? അറിയില്ല, മനസ്സിന്റെ കോണിൽ എവിടെയോ കണ്ടുമറന്ന മുഖങ്ങൾ. ഇല്ല, ഓർക്കുന്നില്ല.

പിന്നെയും നടന്ന് അയാൾ ആ മണൽത്തരികളിൽ ചവിട്ടി. അകലെ തന്റെ ഉള്ളം പോലെ ആഞ്ഞടിക്കുന്ന തിരകൾ. കൈകൾ കോർത്ത് തീരത്തെ തൊട്ടു തഴുകി കൊണ്ട് തിരിച്ചുപോകുന്നു. നനഞ്ഞ മണൽതിട്ടയിലേക്ക് പാദങ്ങൾ വച്ചപ്പോൾ മനസ്സിലൂടെ ഒരു മിന്നൽപിളർപ്പ് കടന്ന് പോയി. തിരകളെ തൊടാനായി നടന്നപ്പോൾ അവ തന്റെ കാലുകളെ തൊട്ട് പിറകോട്ടുപോയി. മിഴികൾ അകലേക്ക്പായിച്ചു.

കൂരിരുട്ടിൽ നിന്നൊരാൾ കിതച്ച് കൊണ്ട് ഓടി വന്ന് കതകിൽ ആഞ്ഞടിച്ചു.ഒഴിഞ്ഞ വയറുമായി അകത്തിരുന്ന അയാൾ ഓടിച്ചെന്ന് കതക് തുറന്നു. ഒരു പൊതി തന്റെ കൈകളിലേക്ക് വച്ചു. ആ മനുഷ്യന്റെ മുഖത്തെ ഭയം കണ്ട് അവൻ പതുക്കെ വിളിച്ചു. "അച്ഛാ....!" അപ്പോഴേക്കും രണ്ടുപേർ പുറകിൽ നിന്നും ഓടി വന്നു. അവരച്ഛനെ വലിച്ചു പുറത്തേക്കിഴച്ചു കൊണ്ടു പോയി.എന്തിനെന്നറിയാതെ അമ്മയും മകനും പകച്ചു നിന്നു. എന്തിനാണിങ്ങനെ ഉപദ്രവിക്കുന്നത്? അമ്മയും മകനും ഓടിച്ചെന്ന് ആ കാക്കികുപ്പായക്കാരുടെ കാലിൽ വീണ് കരഞ്ഞു പറഞ്ഞു. പക്ഷേ, അവരാ മനുഷ്യനെ തല്ലിക്കൊണ്ടു തന്നെ വലിച്ചിഴച്ചു കൊണ്ടുപോയി. മകന്റെ കൈയ്യിലെ പൊതി അഴിഞ്ഞു നിലത്തു വീണു. അതിലെ അരിമണികൾ നിലത്തു ചിതറി.

പുലർച്ചെ ആ വെളുത്ത തുണി മാറ്റി ആ ശരീരത്തിലെ മുറിവിന്റെ പാടിൽ തൊട്ടപ്പോൾ ഉണ്ടായ തണുപ്പ്.

അയാൾ തന്റെ കണ്ണുകൾ ഇറുക്കെ അടച്ചു തുറന്നു. രണ്ട് വർഷം മുന്നിലെ ആ കറുത്ത രാത്രി ഒറ്റ നിമിഷം കൊണ്ടയാളുടെ ഉള്ളിലൂടെ കടന്നുപോയി. കണ്ണിലെ നീർത്തുള്ളികളെ, കവിളുകളെ തൊടാനനുവദിക്കാതെ ഉള്ളിലേക്കൊതുക്കി. സൂര്യകിരണങ്ങൾ പതിയെ എത്തിനോക്കാൻ തുടങ്ങി. ഒരപരിചിത കരങ്ങൾ അയാളുടെ തോളിൽ പതിച്ചു. തലവെട്ടിച്ച് ഒരു നോക്ക് ആ മുഖത്തേക്ക് നോക്കി. എവിടെയും കണ്ടതായി ഓർക്കുന്നില്ല. മറ്റൊരു കുഞ്ഞു കരം തന്നെ വന്ന് തൊട്ടുവിളിച്ചു. അവന്റെ മുഖത്തെ ഭാവം തന്നിലേക്ക് എന്തൊക്കെയോ പകർന്നുനൽകുന്നതായി തോന്നി. തോളിലെ കരങ്ങൾ പതിയെ വിട്ടുമാറി. ആ മുഖത്തെ പുഞ്ചിരി തന്റെ ഉള്ളിലെ കറുത്ത പാളിയെ അടർത്തി മാറ്റിയെടുക്കുന്നുവോ? അറിയില്ല. ആ ബലിഷ്ഠമായ കരങ്ങൾ ആ കുഞ്ഞുകരങ്ങളെ ചേർത്തു പിടിച്ചു. എന്നിട്ട് മന്ത്രിച്ചു. "ഒന്നിലും തളർന്നു പോകരുത്." അവർ തന്നിൽ നിന്ന് അകലുന്തോറും തനിക്ക് മറ്റൊരു പുതുജീവൻ ലഭിക്കുന്നതായി തോന്നുന്നു.

പതിയെ അവിടെ നിന്നും തിരിഞ്ഞു.കഴിയുന്ന കാലം മുഴുവൻ പണിയെടുത്ത് ഒരു നേരത്തെ അന്നത്തിനായി, രാത്രി തന്റെ കുടുംബത്തിന്റെ വയറുനിറയ്ക്കാനായി അയാൾ അന്നു രാത്രി ആ ജന്മിയുടെ കൊട്ടാരത്തിനകത്തേക്ക് കയറി.......മറ്റാക്കും ഇങ്ങനെയൊരു ഗതി വരരുതേയെന്ന് അയാൾ ആത്മാർത്ഥമായി മന്ത്രിച്ചു. ആ തീരത്തു നിന്ന് ജീവിതത്തിന്റെ നൂലിൽ കോർക്കാൻ മുത്തുകൾ ലഭിച്ചതായി അയാൾക്ക് തോന്നി.

## A SMILE

A smile is quite a funny thing,
It wrinkles up your face.

And when it's gone
you'll never find
Its secret hiding place.

But far more wonderful it is
To see what smiles can do.

You smile at one ,
He smiles at you,
And so one smile
makes two.



Fathima K P
IX A

## Screen Addiction

Screen addiction is also known as technology addiction or internet addiction is when a person spends an excessive amount of time using screens such as smart phones,computers or tablets . This can lead to negative effects on both physical and mental health as well as their relationships and daily activities . it is important to find and take breaks from screen to maintain a healthy lifestyle.

Science says that no screen time is need for children under 2 years and one hour per day for children 2 to 12 , two hour per day for teens and adults is enough increase in screen time affect the eyes badly . Adults should limit their screen time similar to children and use it only fo needs . Screen time may affect the growth of brain and its functioning . So , prolonged use of watching T.V ,video games ,scrolling through social media all of it acts like a digital drug for our brain.

It may also cause problems like anxiety, depression and difficulty in concentration . It leads to difficulties in regulating emotions and can even affect academic performance. Setting limits by ourselves ,taking regular breaks and finding alternative activities are helpful to overcome screen addiction.



Naseefa V P
IX F

# പിൻമൊഴി

ഈ താളുകളിൽ ഞങ്ങൾ ഓരോരുത്തരുമാണ്. ഞങ്ങളുടെ ചിന്തകളും കാഴ്ചകളും അറിവുകളുമാണ്. എന്നാൽ ഇത് ഞങ്ങളുടെ മാത്രം സ്വപ്നവിഹായസ്സാണ്. ഒരുപക്ഷേ, ഞങ്ങൾ നിങ്ങളെ ചിരിപ്പിച്ചേക്കാം, ചിന്തിപ്പിച്ചേക്കാം. ഞങ്ങൾ നിങ്ങളുടെ ഓർമ്മ തൻ താളുകളിൽ എഴുതപ്പെട്ടേക്കാം, ചിലപ്പോൾ എന്നന്നേക്കുമായി കത്തിയെരിഞ്ഞേക്കാം. എങ്കിലും ഞങ്ങളിലേക്കൊന്ന് പാളി നോക്കിയതിന്, മനസ്സറിഞ്ഞൊന്ന് കണ്ണോടിച്ചതിന്, നിങ്ങളുടെ ആ നല്ല മനസ്സിന്, ഈ താളുകൾക്ക് പിന്നിൽ രാപ്പകൽ ചിന്തിച്ച ഞങ്ങൾ ഒരോരുത്തരുടേയും പേരിൽ

നന്ദി.........

